(ബി) കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ടിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി കുടുംബശ്രീ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ വഴി നടപ്പാക്കി വരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത ഡിസൈനുകൾ ഉൽപ്പന്നങ്ങൾക്ക് നൽകുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 25 ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന കയർ കോർപ്പറേഷനും 10 മാറ്റ്സ് മാറ്റിംഗ്സ് സംഘങ്ങൾക്കും ധനസഹായം നൽകി. കൂടാതെ നൂതന ഡിസൈനുകൾ ആവിഷ്കരിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഐ.ഐ.ടി. എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(സി) ചോദ്യം (ബി) യുടെ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിൽ നടപ്പാക്കിയ പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

2001-02 സാമ്പത്തിക വർഷത്തിൽ റിബേറ്റ് കുടിശ്ശികയിനത്തിൽ സംഘങ്ങൾക്കു നൽകുവാനുള്ള 7 കോടി രൂപ വിതരണം ചെയ്തു. എം.ഡി.എ. ആയി 530 ലക്ഷം രൂപ വിതരണം ചെയ്തു. ഡിസ്ട്രസ് പർച്ചേസ് പദ്ധതിപ്രകാരം 8.39 കോടി രൂപ നീക്കി കയറും കയറുൽപ്പന്നങ്ങളും വാങ്ങി. കൂടാതെ ക്ഷേമനിധി മുഖേന 280 ലക്ഷം രൂപ വിവാഹം, വിദ്യാഭ്യാസം, മരണച്ചിലവ്, പ്രസവം എന്നിവയ്ക്കായി വിതരണം ചെയ്തു.

2002-03 വർഷത്തിൽ, എം.ഡി.എ. ആയി 311 ലക്ഷം രൂപയും, കയർ തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി 445 ലക്ഷം രൂപയും വിനിയോഗിച്ചു. വനിതാ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ടുകളിൽ പരിശീലനം നൽകുന്നതിനും റാട്ടുകൾ നൽകുന്നതിനും 99.5 ലക്ഷം രൂപ ചെലവഴിച്ചു. 122 കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 100 ലക്ഷം രൂപ വിനിയോഗിച്ചു. പീഡിത കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 20 ലക്ഷം രൂപയും, ഐ.സി.ഡി.പി.യൂണിറ്റുകളുടെ റിപ്പയറിനും മറ്റുമായി 72.58 ലക്ഷം രൂപയും ചെലവഴിച്ചു. കയർ ഭൂവസ്ത്ര വികസനത്തിനായി 26.9 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 50 ലക്ഷം രൂപ ചെലവിൽ പൊതു സൗകര്യ സേവന കേന്ദ്രം ആരംഭിച്ചു.

കയർ മേഖലയിൽ ഗവേഷണ പദ്ധതികൾ നടത്തുന്നതിന് C-DOCT-ന് സഹായം അനുവദിച്ചു.

ദേശീയ തലത്തിലുള്ള ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു.

കയർ മേഖലയിൽ സമഗ്രമായ പഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ എന്ന സ്ഥാപനം മുഖേന പഠനം നടത്തി വരുന്നു.

ചകിരിയുടെ ദൗർലഭ്യം കണക്കിലെടുത്ത് തിരു-കൊച്ചി മേഖലയിൽ സ്വകാര്യ മേഖലയിൽ ഡീഫൈബറിംഗ് യൂണിറ്റ് തുടങ്ങുവാൻ അനുവാദം നൽകി.

കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് തൊഴിലാളി സഹകരണ സംഘങ്ങൾ ചെലവഴിക്കുന്ന തുക ഗ്രാന്റായി നൽകാൻ നടപടി

81 [4819] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കയറുൽപ്പന്ന മേഖലയിൽ 30-ന്മേൽ തറികളുള്ള സംഘങ്ങൾക്ക് ലഭിക്കുന്ന വില ഒന്നും രണ്ടും തറികൾക്കു ലഭിക്കുന്ന വില തന്നെയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിലയിൽ ഇ. എസ്. ഐ., പി. എഫ്., ഗ്രാറ്റുവിറ്റി, ക്ഷേമനിധി എന്നീ ആനുകൂല്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ സംഘങ്ങൾ നടപ്പിലാക്കി വരുന്നതിന്റെ ഫലമായി സംഘങ്ങൾക്ക് ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് തൊഴിലാളി സഹകരണ സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് പരിഹാരം കാണുന്നതിനായി സംഘങ്ങൾ ചെലവഴിക്കുന്ന തുക ഗ്രാന്റായി നൽകുമോ?

ഉത്തരം

(എ) കേരള കയർ കോർപ്പറേഷനാണ് കയറുൽപ്പന്നങ്ങൾ വാങ്ങുന്നത്. തറികളുടെ എണ്ണം നോക്കിയല്ല, ഉൽപ്പന്നങ്ങൾക്കനുസരിച്ചാണ് വില നൽകുന്നത്.

(ബി) ഈ വിലയിൽനിന്ന് കയർ കോർപ്പറേഷൻ വരുമാന നികുതി മാത്രമേ ഈടാക്കുന്നുള്ളൂ.

(സി) ഇതുകൊണ്ട് മാത്രം നഷ്ടം സംഭവിച്ചതായി അറിവില്ല. എന്നാൽ ഇ. എസ്. ഐ., പി. എഫ്. പദ്ധതികൾ നടപ്പിലാക്കുന്നതും ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിന് ഒരു കാരണമായേക്കാം.

(ഡി) പരാതി കിട്ടിയിട്ടുണ്ട്.

(ഇ) ഇപ്പോൾ നൽകി വരുന്ന വിപണന വികസന സഹായം (എം. ഡി. എ.) മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് ഏറെ സഹായകരമാണ്. ചെറുകിട കയറുല്പന്ന ഉല്പാദകരുടെ ഉല്പന്നങ്ങൾക്കായി പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ബയോസ്ഫിയർ റിസർവ്വായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ

82 [4820] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബയോസ്ഫിയർ റിസർവായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശമേതാണ്;

(ബി) ഏതൊക്കെ വനമേഖലകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എത്ര ഹെക്ടർ പ്രദേശമാണ് പ്രസ്തുത റിസർവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) തമിഴ്നാട്ടിലെ വനമേഖല ഇതിൽ ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകുമോ; ഇതിന്റെ പ്രയോജനം എന്തൊക്കെയാണെന്നുകൂടി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly